**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 480** **17-09-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിൽ രണ്ടു നിലകളുള്ള അക്കാഡമിക് ബ്ലോക്ക്, ഒരു നിലയുടെ കാന്റീൻ ബിൽഡിംഗ്, ചുറ്റുമതിൽ, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ നടപ്പാക്കുന്നതിന് 30-10-2020-ലെ ഉത്തരവ് പ്രകാരം 10.15 കോടി രൂപയുടെ ധനാനുമതിയും 30-03-2023-ലെ ഉത്തരവ് പ്രകാരം 13.56 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. തുടർന്ന് കോളേജധികൃതരുടെ ആവശ്യപ്രകാരം, കാന്റീൻ ഒഴിവാക്കുന്നതിനും ഒരു അമിനിറ്റി സെന്റർ ഉൾപ്പെടുത്തുന്നതിനും രണ്ടു നിലകളുള്ള അക്കാഡമിക് ബ്ലോക്കിനു മുകളിൽ വീണ്ടും രണ്ടു നിലകൾ കൂടി നിർമ്മിക്കുന്നതിനുള്ള സാധ്യത ഉൾപ്പെടുത്തുന്നതിനുമായി കിഫ്ബിയുടെ അംഗീകാരം തേടിക്കൊണ്ട് പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി) ആയ കിറ്റ്കോ ഫയൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിക്കുകയും കാന്റീൻ ബിൽഡിംഗ് ഒഴിവാക്കിക്കൊണ്ടും അക്കാഡമിക് ബ്ലോക്കിനു മുകളിൽ അധികമായി രണ്ടു നിലകൾ കൂടി ഭാവിയിൽ നിർമ്മിക്കുന്നതിനുതകുംവിധം ഫൌണ്ടേഷനിൽ മാറ്റം വരുത്തിക്കൊണ്ടും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് ഫയൽ മടക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മേൽ സൂചിപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം, കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി അംഗീകാരം നൽകാവുന്നതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികളുമായി എസ്.പി.വി-യ്ക്ക് മുന്നോട്ടു പോകാവുന്നതുമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തി ഉൾപ്പെടെ കിഫ്ബി അംഗീകാരം നൽകുന്ന എല്ലാ പദ്ധതികളുടെയും നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ബഹു.മന്ത്രി/ എം.എൽ.എ തലത്തിലും കിഫ്ബിയിലെ വിവിധ ഉദ്യോഗസ്ഥ തലത്തിലും വിവിധ യോഗങ്ങൾ കൂടുകയും പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ എസ്.പി.വി ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം അവ പരിഹരിക്കുന്നതിനാവശ്യമായ ഉപദേശവും നിർദ്ദേശവും കിഫ്ബി നൽകിവരുന്നുണ്ട്. കൂടാതെ, ടി പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നതിന് കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം സ്ഥല സന്ദർശനങ്ങളും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ